(ബി) പ്രസ്തുത തുക കണക്കാക്കുന്നതിന് ശമ്പളം ലഭിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഏതെല്ലാം ഇനത്തിൽ കിട്ടുന്ന വരവ് കണക്കിലെടുക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം എത്രയാണ് ?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കുറഞ്ഞ വാർഷിക ട്യൂഷൻ ഫീസ് 16,000 രൂപയായി നിശ്ചയിക്കുകയും, കുറഞ്ഞ ഫീസോടുകൂടി പഠിക്കുന്നതിന് കുടുംബ വരുമാനം പ്രതിവർഷം 60,000 രൂപ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്.

(ബി) ശമ്പളം മാത്രം വരുമാനമായിട്ടുള്ള വിഭാഗങ്ങൾക്ക് കുടുംബവരുമാനം കണക്കാക്കുന്നത് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി ലഭിക്കുന്ന തുകയെ അടിസ്ഥാനമാക്കിയാണ്.

(സി) 42,000 രൂപയാണ്.

എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ വെട്ടിക്കുറയ്ക്കാനുള്ള എ.ഐ.സി.ടി.ഇ. നിർദ്ദേശം

138 (2079) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ വെട്ടിക്കുറയ്ക്കുവാൻ എ.ഐ.സി.ടി.ഇ. നിർദ്ദേശിച്ചുവോ ;

(ബി) ഇതിന്റെ ഫലമായി എത്ര സീറ്റുകൾ കുറവുണ്ടാകും ; സീറ്റുകൾ കുറയുന്നതുമൂലമുള്ള സ്ഥിതിവിശേഷത്തെ നേരിടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) പിന്നോക്ക പ്രദേശമായ വയനാട് ജില്ലയിൽ മാനന്തവാടിയിലുള്ള വയനാട് എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടം പണി ആരംഭിച്ചുവോ ;

(ഡി) പ്രസ്തുത കോളേജിനെ എ.ഐ.സി.ടി.ഇ. യുടെ നിർദ്ദേശം ഏത് വിധത്തിൽ ബാധിക്കും ; പിന്നോക്ക ജില്ല എന്ന നിലയിൽ പ്രസ്തുത കോളേജിനോട് എ.ഐ.സി.ടി.ഇ. സ്വീകരിച്ച നിലപാട് തിരുത്തുവാൻ ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർദ്ദേശിച്ചു.

(ബി) 120 സീറ്റുകൾ ബാർട്ടൺഹിൽ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ കുറവുണ്ടാകും. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യം എ.ഐ.സി.ടി.ഇ. യെ അറിയിക്കുകയും അതനുസരിച്ച് സീറ്റുകൾ പുനഃസ്ഥാപിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിടം പണിയുന്നതിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കെട്ടിടം പണി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു വരുന്നു.

(ഡി) വയനാട് എഞ്ചിനീയറിംഗ് കോളേജിലെ സീറ്റുകൾ നിലനിർത്തുന്നതിലേക്കായി എ.ഐ.സി.ടി.ഇ.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് എ.ഐ.സി.ടി.ഇ. യുടെ സജീവ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിൽ കണ്ണിവയൽ ഗവൺമെന്റ് ടി.ടി.ഐ. ക്ക് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

139 (2080) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണിവയൽ ഗവൺമെന്റ് ടി.ടി.ഐ. ക്ക് എൻ.സി.ടി.ഇ. യുടെ സ്ഥിരാംഗീകാരം ലഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലെ 39543/ഡി3/2002/ജി/ ഇ.ഡി.എൻ./ 18-9-2002-ാം നമ്പർ ഫയൽ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ ;

(ബി) 2002-03-ലെ ബഡ്ജറ്റിൽ 4201-01-203 ഹെഡ്ഡിൽ വകയിരുത്തിയ തുക മേൽപ്പറഞ്ഞ പ്രവൃത്തിക്ക് നൽകാതിരുന്നത് എന്തുകൊണ്ടാണെന്നും പ്രസ്തുത തുക ഏതു കാര്യത്തിനായാണ് ചെലവഴിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ ഫയൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) 4201-01-203 എന്ന ഹെഡ് സർവ്വകലാശാലയും ഉന്നത വിദ്യാഭ്യാസവും എന്ന ശീർഷകത്തിലാണ്. അത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽപ്പറഞ്ഞ പ്രവർത്തിക്ക് വിനിയോഗിക്കാൻ കഴിയില്ല. മേൽപ്പറഞ്ഞ ഹെഡ് ഓഫ് അക്കൗണ്ടിലെ തുക വിനിയോഗിച്ചതു സംബന്ധിച്ചുള്ള വിവരങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

പുതുതായി അനുവദിക്കാൻ ശുപാർശ ചെയ്തിട്ടുള്ള കോളേജുകൾ

140 (2082) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര കോളേജുകൾ വീതം പുതുതായി അനുവദിക്കണമെന്ന് സംസ്ഥാനത്തുള്ള സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly